**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 15.05.2025

## വൈദ്യുതി കണക്ഷൻ നൽകുന്നതിന് കൈക്കൂലി, കെ.എസ്സ്.ഇ.ബി ഓവർസിയർ അറസ്റ്റിൽ

വയനാട് വിജിലൻസ് യൂണിറ്റ് ഒരുക്കിയ കെണിയിൽ വയനാട് മുട്ടിൽ കെ.എസ്സ്.ഇ.ബി ഓവർസിയർ ചെല്ലപ്പനെ 10,000/- രൂപ കൈക്കൂലി വാങ്ങവേ വിജിലൻസ് സംഘം ഇന്ന് (15/05/2025) കൈയ്യോടെ പിടികൂടി.

വയനാട് ജില്ലയിൽ മേപ്പാടി തൃക്കൈപ്പറ്റ സ്വദേശിയായ പരാതിക്കാരൻ പുതുതായി പണികഴിപ്പിക്കുന്ന വീടിന്റെ നിർമ്മാണ പ്രവർത്തികൾക്കായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് 2025 മെയ് മാസം രണ്ടാമത്തെ ആഴ്ചയിൽ ഓൺ ലൈനായി കെ.എസ്സ്.ഇ.ബി. യ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ നൽകി രണ്ട് ദിവസത്തിന് ശേഷം വയനാട് മുട്ടിൽ കെ.എസ്സ്.ഇ.ബി ഓഫീസിൽ നിന്നും ഓവർസിയർ എത്തി സ്ഥല പരിശോധന നടത്തി വൈദ്യുതി കണക്ഷന് ഫീസ് അടക്കാൻ നിർദേശിച്ച ശേഷം തിരികെ പോയി. അപ്രകാരം പരാതിക്കാരൻ 12.05.2025 തീയതി മുട്ടിൽ കെ.എസ്സ്.ഇ.ബി ഓഫീസിൽ എത്തി 3914/- രൂപ ഫീസ് അടയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാതിക്കാരൻ വൈദ്യുതി കണക്ഷൻ കിട്ടുന്നതിനെ കുറിച്ച് ഓഫീസിലെത്തി അന്വേഷിച്ചതിൽ ഓവർസിയർ ചെല്ലപ്പനെ നേരിട്ട് കാണുന്നതിന് ഓഫീസിൽ ഉണ്ടായിരുന്നവർ അറിയിക്കുകയും അപ്രകാരം പരാതിക്കാരൻ ഓവർസിയർ ചെല്ലപ്പനെ നേരിൽ കണ്ടപ്പോൾ മീറ്റർ സ്റ്റോക്കില്ലായെന്നും പിറ്റെന്ന് വരാനും പറഞ്ഞ് പരാതിക്കാരനെ തിരികെ അയച്ചു. തുടർന്ന് പരാതിക്കാരൻ 13.05.2025 തീയതി മുട്ടിൽ കെ.എസ്സ്.ഇ.ബി ഓഫീസിൽ വീണ്ടും എത്തിയ സമയം ഓവർസിയർ ചെല്ലപ്പൻ പരാതിക്കാരനോട് കാണേണ്ടവിധത്തിൽ തന്നെ കണ്ടാൽ

പ്രയോറിറ്റി ലിസ്റ്റിൽ പരാതിക്കാരനെ ഉൾപ്പെടുത്തി ഉടനെ വൈദ്യുതി കണക്ഷൻ നൽകാമെന്നും കണക്ഷൻ വേണമെങ്കിൽ **10000/-** രൂപ കൈക്കൂലിയായി നൽകണമെന്നും അല്ലെങ്കിൽ സീനിയോറിറ്റി പ്രകാരമേ കണക്ഷൻ തരാൻ കഴിയുകയുള്ളുവെന്നും പറഞ്ഞു. കൈക്കൂലി നൽകി കാര്യം സാധിക്കുന്നതിന് താല്പര്യമില്ലാതിരുന്ന പരാതിക്കാരൻ ഈ വിവരം വയനാട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് **(15.05.2025)** പകൽ **12.30** മണിക്ക് മുട്ടിൽ പഞ്ചായത്ത് ബസ്സ് സ്റ്റാന്റിൽ വച്ച് പരാതിക്കാരനിൽ നിന്നും **10,000/-** രൂപ കൈക്കൂലി വാങ്ങവേ മുട്ടിൽ കെ.എസ്സ്.ഇ.ബി ഓവർസിയറായ ചെല്ലപ്പനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ **1064** എന്ന നമ്പറിലോ , **8592900900** എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ **9447789100** എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.